"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- തൃശ്ശൂർ, കോട്ടപ്പുറം, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3072/2022/GEDN തീയതി,തിരുവനന്തപുരം, 19-05-2022

---

പരാമർശം:-

1. 19/02/2021 തീയതിയിൽ തൃശ്ശൂർ, കോട്ടപ്പുറം, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി
2. 29/04/2022 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഇ3/6574/2020/ഡി.പി.ഐ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തൃശ്ശൂർ, മാള സെന്റ് ആന്റണീസ് യു.പി.എസ്, പാർട്ട് ടൈം ജൂനിയർ ഹിന്ദി അധ്യാപികയായ ശ്രീമതി.ടീസ സിജിയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് തൃശ്ശൂർ, കോട്ടപ്പുറം, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു

2. യോഗ്യതാ സർട്ടിഫിക്കറ്റുകളിലുള്ള പേരുകൾ വ്യത്യാസപ്പെട്ടു എന്ന കാരണത്താൽ ശ്രീമതി.ടീസ സിജിയുടെ നിയമാംഗീകാരം നിരസിച്ചത് പുനഃപരിശോധിക്കാനാണ് അപേക്ഷ തന്നിരിക്കുന്നത്.

3. സർക്കാർ മേൽ വിഷയം നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

4. സെന്റ് ആന്റണീസ് യു.പി,എസ്. മാള സ്കൂളിലെ പാർട്ട് ടൈം ജൂനിയർ ഹിന്ദി അദ്ധ്യാപിക ആയ ശ്രീമതി. ടീസ സിജി.എ.ജെ. യുടെ ഹിന്ദി ഭൂഷൻ യോഗ്യത കെ.ഇ. ആർ അധ്യായം 31

റൂൾ 3(2) പ്രകാരം ടി നിയമനത്തിന് പരിഗണിക്കാവുന്നതാണ്.

5. നിയമനാർഥിയുടെ വിദ്യാഭ്യാസ യോഗ്യതയായ സാഹിത്യാചാര്യയിലെ പേരും എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ പേരും വ്യത്യസ്തമായതിനാൽ ആണ് ശ്രീമതി ടീസ സിജിയുടെ നിയമനം നിരസിച്ചതെന്നും സാഹിത്യാചാര്യ സർട്ടിഫിക്കറ്റിലെ പേര് കറക്ട് ചെയ്തതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും മാള ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. അടച്ചുപൂട്ടിയ സ്കൂൾ ആയ അന്നമനട എസ്.എൻ.യു.പി.സ്കൂളിലെ സംരക്ഷിതാധ്യാപിക ശ്രീമതി രജനിയുടെ തസ്തിക യു.പി.എസ്.എ ആണെന്ന് എ ഇ ഒ അറിയിച്ചതിനാൽ ആയത് ശ്രീമതി. ടീസ സിജി.എ.ജെ. യുടെ തസ്തികയിലെ നിയമനത്തെ ബാധിക്കുന്നില്ല. ആയതിനാൽ സെന്റ് ആന്റണീസ് യു.പി,എസ്. മാള സ്കൂളിലെ പാർട്ട് ടൈം ജൂനിയർ ഹിന്ദി അദ്ധ്യാപിക ആയ ശ്രീമതി. ടീസ സിജി.എ.ജെ. യുടെ നിയമനം അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ ശ്രീമതി ടീസ സിജി.എ.ജെ യുടെ 01/06/2016 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന കോർപ്പറേറ്റ് മാനേജരുടെ പരാമർശം 1 റിവിഷൻ ഹർജിയിലെ ആവശ്യം അംഗീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K NANDA KUMAR
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിങ്ങാലക്കുട, തൃശ്ശൂർ

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാള, തൃശ്ശൂർ

ശ്രീമതി.ടീസ സിജി.എ.ജെ, പി.റ്റി.ജൂനിയർ ഹിന്ദി അധ്യാപിക, സെന്റ് ആന്റണീസ് യു.പി.എസ്, മാള, തൃശ്ശൂർ,

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോട്ടപ്പുറം ഡയോസീസ്, കോട്ടപ്പുറം.പി.ഒ, കൊടുങ്ങല്ലൂർ-680 667.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 19-05-2022 15:38:15**
സെക്ഷൻ ഓഫീസർ